87 (589) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അനധികൃത കെട്ടിട നിർമ്മാണം തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) നിലവിലുള്ള കെട്ടിടനിർമ്മാണ നിയന്ത്രണ ചട്ടങ്ങളിൽ നിന്നും ഒഴിവ് നൽകുന്നതിന് സർക്കാരിൽ നിക്ഷിപ്തമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി പിരിക്കുന്നതിൽ അപാകതകൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച കരട് ചട്ടങ്ങൾ തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുവരുന്നു.

(സി) അനധികൃതകെട്ടിട നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണചട്ടങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ചീഫ് ടൗൺപ്ലാനറും തദ്ദേശഭരണ വകുപ്പിലെ വിജിലൻസ് സെല്ലും പരിശോധിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) കെട്ടിട നികുതി പിരിക്കുന്നതിനുള്ള മാനദണ്ഡം പുനർനിർണ്ണയം ചെയ്തുകൊണ്ടുള്ള വ്യവസ്ഥ 1999-ലെ കേരള മുനിസിപ്പൽ (ഭേദഗതി) ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

88 (590) ജനകീയാസൂത്രണത്തിനായി ചെലവഴിച്ച തുക

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിനായി 1999-2000 വർഷത്തിൽ നീക്കിവച്ചിരിക്കുന്ന തുക എത്രയാണ്;

(ബി) നടപ്പ് സാമ്പത്തികവർഷത്തിൽ ജൂൺ 15 വരെ എന്തു തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly